പതിനഞ്ചാം കേരള നിയമസഭ
FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

# 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

# REPORT OF ACTION TAKEN ON THE THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS (2023-2024)

2024 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്
(Presented on 9th July, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

## 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## REPORT OF ACTION TAKEN ON THE THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS (2023-2024)

791/2024.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | | |
| അദ്ധ്യായം I : | ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | .. | 1 |
| അദ്ധ്യായം II : | സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ | .. | 78 |

# സബ്ജക്ട് കമ്മിറ്റി III
## ജലവിഭവം
## (2023-2026)

### ഘടന

ചെയർപേഴ്സൺ :

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ആന്റണി രാജു

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ് .

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും., അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർപേഴ്സണായ ഞാൻ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 27-2-2023-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ 27-6-2024-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം അദ്ധ്യായത്തിൽ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പും, രണ്ടാം അദ്ധ്യായത്തിൽ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

റോഷി അഗസ്റ്റിൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2024 ജൂലൈ 9.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2215-01-003-99—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-പരിശീലനം-ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനായി ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജലസംബന്ധമായി ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

2023-24 വർഷത്തിലേക്കുള്ള 15 ലക്ഷം രൂപയുടെ ഭരണാനുമതി 4-8-2023-ൽ നൽകി. 7-10-2023-ൽ 2022-23 സാമ്പത്തിക വർഷം resume ചെയ്ത തുകയായ 3.67 ലക്ഷം രൂപയും നൽകി. ആയത് പൂർണമായും വിനിയോഗിക്കുകയുണ്ടായി. ഭരണാനുമതി ലഭിച്ചതനുസരിച്ച് ശേഷിക്കുന്ന തുകയായ 11.33 ലക്ഷം രൂപ (resume ചെയ്ത തുക ഒഴിച്ച്) അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് 14-11-2023-ൽ പ്രൊപ്പോസൽ സമർപ്പിച്ചു. ആയതിൽ നിന്നും 4.28 ലക്ഷം രൂപ 29-1-2024-ൽ അനുവദിക്കുകയും ചെയ്തു. ഇപ്രകാരം ആകെ ലഭ്യമായ 7.95 ലക്ഷം രൂപയിൽ 5.40 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി 2.55 ലക്ഷം രൂപ വർഷാവസാനം സർക്കാർ മടക്കിയെടുക്കുകയും ചെയ്തു.

2023-2024-ലെ ബജറ്റിൽ വകയിരുത്തിയിരുന്ന തുകയായ 15.00 ലക്ഷം രൂപ പൂർണമായും അനുവദിച്ച് കിട്ടാത്തതിനാൽ അധിക തുകയായ 50.00 ലക്ഷം രൂപ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല

**ശിപാർശ**

2215-01-004-99—<u>ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.</u>

കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനായി സോഫ്റ്റ്‌വെയർ ടീമിനെ സൃഷ്ടിച്ചുകൊണ്ട് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട് മാനേജ്മെന്റ്, കംപ്ലൈൻസ് എന്നീ മേഖലകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/ERP കത്ത് മുഖേന ഈ ശീർഷകത്തിൽ 1 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

ബഡ്ജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2023-24 BIMS-ൽ അനുവദിച്ച തുക : 76.49 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 75.99 ലക്ഷം രൂപ

- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 63.47 ലക്ഷം രൂപ
- B.D.S.- ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ : 12.52 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 35.20 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 76.49% സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

**ശിപാർശ**

2215-01-101-97-(01)—<u>ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം - നഗര ശുദ്ധജലവിതരണ പദ്ധതി-കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ-നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും</u>

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 5.9486 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/INNO കത്ത് മുഖേന ഈ ശീർഷകത്തിൽ 5.9486 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

ബഡ്ജറ്റ് വിഹിതം: 100.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 80.31 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 90.67 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 79.93 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 10.74 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 328.78 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 80.31% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215-01-190-99-(01)—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മ പരിശോധനയും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.8743 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/SUR കത്ത് മുഖേന ഈ ശീർഷകത്തിൽ 1.8743 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം: 110.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക: 71.50 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 93.84 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 68.81 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ: 22.55 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ: 2.47 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ: 153.33 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ B.D.S.-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.- ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215-01-190-99(19)-31—<u>ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കുംമറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും

ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 765.59 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/NP കത്ത് മുഖേന ഈ ശീർഷകത്തിൽ 765.59 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം:19122.080 ലക്ഷം രൂപ

- 2023-24-ൽ അനുവദിച്ച തുക: 2840.480 ലക്ഷം രൂപ
- ചെലവായ തുക : 2840.480 ലക്ഷം രൂപ

31-3-2024-ൽ റവന്യൂവിഭാഗത്തിൽ ഈ ശീർഷകത്തിൽ 88428.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരള വാട്ടർ അതോറിട്ടി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31-3-2024-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2215-01-190-99(19)-36—<u>ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളേതരം</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്,

ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2056.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)-NP കത്ത് മുഖേന ഈ ശീർഷകത്തിൽ 2056.53 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 13391.380 ലക്ഷം രൂപ

- 2023-24-ൽ അനുവദിച്ച തുക: 3356.200 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്):3356.200 ലക്ഷം രൂപ

നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളുടെ സംസ്ഥാന വിഹിതം ഇനത്തിൽ ടി ശീർഷകത്തിൽ 20.17 കോടി രൂപ അനുവദിച്ചു നൽകിയത് ടി പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുവാനായി ഉപയോഗിച്ചു. 31-3-2024-ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 57931.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരള വാട്ടർ അതോറിട്ടി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31-3-2024-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2215-01-190-92—<u>ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.3402 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3 (FUNDS)/RENO കത്ത് മുഖേന ഈ ശീർഷകത്തിൽ 18.3402 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക: 325 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 396.45 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 310.93 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 71.55 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ :13.96 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 1281.34 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215-01-190-88—<u>ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-ഇ-ഗവേർണൻസ്, ജി.ഐ.എസ്.-ഉം ഇൻഫർമേഷൻ മാനേജ്മെന്റും</u>

ഭരണ സംവിധാനം പൂർണ്ണമായും പേപ്പർ രഹിതമാക്കുന്നതിനാവശ്യമായ പുതിയ കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ, അനുബന്ധ സാമഗ്രികളായ പ്രിന്റർ, കോപ്പിയർ, സ്കാനർ, ഇ-ഫയലിംഗ് സോഫ്റ്റ്വെയറിന് മാത്രമായി പുതിയ സെർവർ എന്നിവ വാങ്ങുന്നതിനും ഇ.എം. ബുക്ക് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീൽഡ് ഓഫീസർമാർക്ക് ടാബ് വാങ്ങുന്നതിനും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.1942 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/EGOV കത്ത് മുഖേന ഈ ശീർഷകത്തിൽ 219.42 ലക്ഷം രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed."

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക:65 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 94.03 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 38.08 ലക്ഷം രൂപ
- BDS-ലേക്ക് മാറ്റിയ ബില്ലുകൾ: 44.21 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ:11.73 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ: 61.11 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215-01-800-47—ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-മറ്റു ചെലവുകൾ കുടിവെള്ള വിതരണവും-വരൾച്ചാപരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 12.3981 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/DRW കത്ത് മുഖേന ഈ ശീർഷകത്തിൽ 12.3981 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 1000.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക: 650.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 697.56 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 648.89 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ: 47.58 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ: 1.09 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ: 767.60 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215-02-106-97—<u>ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യനിവാരണവും ശുചീകരണവും-വായു-ജല മലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി

ഈ ശീർഷകത്തിൽ 2.0121 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10 )

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/NGT കത്ത് മുഖേന ഈ ശീർഷകത്തിൽ 2.0121 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 250.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക: 162.50 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 230.04 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 118.09 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ: 111.96 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 152.87 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തതിനാൽ ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2215 -02-190-99 (02)-31—<u>ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 16.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)-NP കത്ത് മുഖേന ഈ ശീർഷകത്തിൽ 16.52 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 1898.160 ലക്ഷം രൂപ

- 2023-24-ൽ അനുവദിച്ച തുക : 281.960 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 281.960 ലക്ഷം രൂപ

31-3-2024-ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 1510.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരള വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31-3-2024-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണ്ണമായി അനുവദിച്ചുനൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2215-02-190-99(02)-36—ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യനിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം-സഹായധനം - ശമ്പളേതരം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ നൽകുന്നതിനും കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 66.26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)-NP കത്ത് മുഖേന ഈ ശീർഷകത്തിൽ 66.26 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 1316.66 ലക്ഷം രൂപ

- 2023-24-ൽ അനുവദിച്ച തുക: 131.660 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 131.660 ലക്ഷം രൂപ

31-3-2024-ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 2414.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31-3-2024-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ച നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

4215-01- 101-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധ ജലവിതരണം-നഗര ജലവിതരണ പദ്ധതി-നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/പുനരധിവാസം

നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 37.7547 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/UWSS കത്ത് മുഖേന ഈ ശീർഷകത്തിൽ 37.7547 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 4500.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 2925.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 3311.12 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 2663.02 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 648.10 ലക്ഷംരൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 700.95 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തതിനാൽ ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-102-98(01)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-ഗ്രാമീണ ജലവിതരണം നബാർഡ് സഹായമുള്ള ഗ്രാമീണ ജല വിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും മുൻകാലങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ നബാർഡ് ബില്ലുകൾ തീർപ്പാക്കുന്നതിനായി റീ-ടെൻഷൻ/ഡെപ്പോസിറ്റ് ഫണ്ടിൽ നിന്നും താത്കാലികമായി വിനിയോഗിച്ച അധിക തുക കൊടുത്തുതീർക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 86.37005 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)-NBD കത്ത് മുഖേന ഈ ശീർഷകത്തിൽ 86.37 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാൻ നോൺ പ്ലാൻ ശീർഷകത്തിൽ 20.17 കോടി രൂപ അനുവദിച്ചു നൽകി .

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 8000.00 ലക്ഷം രൂപ

- 2023-24-ൽ അനുവദിച്ച തുക : 4553.83 ലക്ഷം രൂപ
- ചെലവായ തുക : 4904.62 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 4472.78 ലക്ഷം രൂപ

ഈ ശീർഷകത്തിൽ അനുവദിച്ച തുകയിൽ 25.13 കോടി രൂപയ്ക്കു 31-3-2024 വരെ വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് അനുമതി നൽകിയില്ല. പ്രസ്തുത തുക 31-3-2024-ൽ ട്രഷറി അക്കൗണ്ടിൽ നിന്ന് സർക്കാർ തിരിച്ചെടുത്തു. ആയതിനാൽ തുക പൂർണ്ണമായി ചെലവാക്കാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-102-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 52.399 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/RWSS കത്ത് മുഖേന ഈ ശീർഷകത്തിൽ 52.399 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീമുകളുടെ ചെലവുകൾക്കായി ഉത്തരവ് നമ്പർ G.O. (Rt.) No.2527/2024/FIN തീയതി 16-3-2024 മുഖേന ഈ ശീർഷകത്തിൽ 6.62 കോടി രൂപ അനുവദിച്ചുനൽകി.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 1000.00 ലക്ഷം രൂപ

- 2023-24-ൽ BIMS ൽ അനുവദിച്ച തുക: 1477.50 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 1490.13 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 1438.22 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ: 51.91 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ: 3107.31 ലക്ഷം രൂപ

2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-102-92(02)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി.) 50% സംസ്ഥാന വിഹിതം

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 9.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 4250 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)-JJM തീയതി കത്ത് മുഖേന ഈ ശീർഷകത്തിൽ 4250.00 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. ഫെബ്രുവരി മാസത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം സർക്കാർ 1362.68 കോടി രൂപ ജൽജീവൻ മിഷൻ പദ്ധതിക്കായി വകയിരുത്തുകയുണ്ടായി. നിലവിലെ ബജറ്റ് വിഹിതമായ 500.00 കോടി രൂപയും ചേർത്ത് ആകെ 1862.68 കോടി രൂപ 2023-24 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി വകയിരുത്തുകയും ആയതിൽ നിന്നും ആകെ 1207.15 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 1862.6751 കോടി രൂപ

- 2023-24-ൽ അനുവദിച്ച തുക : 1207.15 കോടി രൂപ
- ചെലവായ തുക : 1398.79 കോടി രൂപ

31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 2905.9039 കോടി രൂപ

**ശിപാർശ**

4215-01-102-91—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II</u>

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 7.37 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയിരുന്ന 125 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ 10-7-2023-ന് അനുവദിച്ച് നൽകുകയും ആയതു പൂർണമായും വിനിയോഗിക്കുകയും ചെയ്തു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ബാക്കി തുകയായ

100 ലക്ഷം രൂപയിൽ 41.25 ലക്ഷം രൂപ 7-2-2024-ൽ അനുവദിച്ചുനൽകി. ഈ തുകയും വിനിയോഗിച്ച ശേഷം ബാക്കി തുകയായ 58.85 ലക്ഷം രൂപ 25-3-2024-ൽ ലഭ്യമാക്കുകയും ചെയ്തു. എന്നാൽ ട്രഷറി നിയന്ത്രണം കാരണം ഈ തുകക്കുള്ള ചെക്കുകൾ ക്ലിയർ ചെയ്യാൻ കഴിയാത്തതിനാൽ 58.85 ലക്ഷം രൂപ വർഷാവസാനം സർക്കാർ മടക്കിയെടുത്തു. 2023-24 സാമ്പത്തിക വർഷം വകയിരുത്തിയ ആകെ തുകയായ 125 ലക്ഷം രൂപയ്ക്കു പുറമെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 7.37 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ Additional authorization മുഖാന്തരം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1-2-2024-ൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും തുക അനുവദിച്ച് നൽകിയില്ല.

**ശിപാർശ**

4215-01-800-92—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 5.4432 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3 (FUNDS)/SOURCE കത്ത് മുഖേന ഈ ശീർഷകത്തിൽ 5.4432 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 200.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 174.12 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 173.99 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 173.99 ലക്ഷം രൂപ
- B D S-ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 164.37 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 87.06% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തതിനാൽ ബില്ലുകൾ പൂർണമായി കൊടുത്തുതീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-91—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മാനവശേഷി വികസനവും ഗവേഷണവും</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും, 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 48.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/HRD കത്ത് മുഖേന ഈ ശീർഷകത്തിൽ 48.66 ലക്ഷം രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 65.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 48.99 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 47.58 ലക്ഷം രൂപ
- B D S-ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ : 1.41 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 50.15 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-90—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്-ശുദ്ധജല വിതരണം-മറ്റ് ചെലവുകൾ-പ്രത്യേക സ്ഥാപനങ്ങൾ/ സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.9531 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/SPINT കത്ത് മുഖേന ഈ ശീർഷകത്തിൽ 1.9531 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെപ്പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 200.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 149.32 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 172.58 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 121.78 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 44.76 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ : 6.03 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 80.30 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 74.66% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-89—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 112.4944 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/OPT കത്ത് പ്രകാരം ഈ ശീർഷകത്തിൽ 112.4944 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു.

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 5000.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 3250.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 3926.19 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 2713.85 ലക്ഷം രൂപ
- B D S-ലേക്ക് മാറ്റിയ ബില്ലുകൾ : 1201.09 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ : 11.25 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 2247.52 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-88—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് ശുദ്ധജലവിതരണം-മറ്റു ചെലവുകൾ-ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജല വിതരണ പദ്ധതി</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 15.39 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/JICA കത്ത് മുഖേന ഈ ശീർഷകത്തിൽ 22.6690 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു.

സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീമുകളുടെ ചെലവുകൾക്കായി G. O. (Rt.) No. 2527/2024/FIN തീയതി 16-3-2024 മുഖേന ഈ ശീർഷകത്തിൽ 5.2450 കോടി രൂപ അനുവദിച്ചുനൽകി.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 859.09 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 858.49 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 858.49 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31-3-2024- ലെ കുടിശ്ശിക ബില്ലുകൾ : 1580.99 ലക്ഷം രൂപ

ബഡ്ജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-87—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റുചെലവുകൾ-ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ ഇലക്ട്രോമെക്കാനിക്കൽ ഇനങ്ങളുടെ ഒപ്പിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.-കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജല അതോറിറ്റിയുടെ പമ്പ് ഹൗസുകൾ കാര്യക്ഷമമാക്കുന്നതിനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ

പ്രോട്ടോക്കോൾ ഉറപ്പാക്കി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ശുദ്ധീകരണശാലകളിലും പമ്പ് ഹൗസുകളിലും CCTV ക്യാമറ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.9886 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/ENER കത്ത് മുഖേന ഈ ശീർഷകത്തിൽ 3.9886 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബഡ്ജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 325.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 163.21 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 135.35 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 27.86 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 47.86 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-86—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റു ചെലവുകൾ-കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും കുടിവെള്ള ഗുണനിലവാര നിരീക്ഷണ ശാലകൾ മെച്ചപ്പെടുത്തുന്നതിനും എസ്.ടി.പി.-കളിൽ നിന്നുള്ള മലിനജലം പരിശോധിക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/INF കത്ത് മുഖേന ഈ ശീർഷകത്തിൽ 1.98 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു:

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു:

ബഡ്ജറ്റ് വിഹിതം : 300.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക 195.00 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 177.07 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 95.38 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 81.69 ലക്ഷം രൂപ
- 31-3-2024-ലെ കുടിശ്ശിക ബില്ലുകൾ : 103.85 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ B.D.S.-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

4215-01-800-85—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റു ചെലവുകൾ-ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റൽ</u>

പരമ്പരാഗത ജലസ്രോതസ്സുകളായ ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

2023-24 വർഷത്തിലേയ്ക്കുള്ള ഭരണാനുമതി 15-11-2023-ൽ ലഭ്യമാക്കി. 2022-23 സാമ്പത്തിക വർഷം Resume ചെയ്ത തുകയായ 164.69 ലക്ഷം രൂപ 11-10-2023-ൽ അനുവദിച്ചു നൽകി. ഈ തുക വിനിയോഗിച്ച ശേഷം ബാക്കി തുകയായ 235.31 ലക്ഷം രൂപയിൽ 95 ലക്ഷം രൂപ മാത്രം 16-3-2024-ൽ അനുവദിച്ചു. ഇപ്രകാരം അകെ ലഭിച്ച 259.69 ലക്ഷം രൂപയിൽ 159.05 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. വർഷാവസാനം ബാക്കിയുള്ള 100.64 ലക്ഷം രൂപ സർക്കാർ മടക്കിയെടുക്കുകയും ചെയ്തു. ആയതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 2 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയില്ല.

**ശിപാർശ**

4215-02-190-99—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നടത്തിപ്പിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 19.2283 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

5-12-2023 തീയതിയിലെ KWA-JB/1403/2023-F3(FUNDS)/SEW കത്ത് മുഖേന ഈ ശീർഷകത്തിൽ 19.2283 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് 6-2-2024 തീയതിയിലെ WS-B3/284/2023-WRD നമ്പർ കത്ത് മുഖേന താഴെ പറയുന്ന കൂടുതൽ വിശദാംശം ആവശ്യപ്പെട്ടു

"where the expenditure crossed the AS amount and to submit the proposal with the copies of AS issued for projects/Schemes in the BHs proposed"

കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2023-24-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു:

ബഡ്ജറ്റ് വിഹിതം : 3405.00 ലക്ഷം രൂപ

- 2023-24-ൽ BIMS-ൽ അനുവദിച്ച തുക : 2213.25 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 2234.98 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 2211.96 ലക്ഷം രൂപ
- B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ : 23.03 ലക്ഷം രൂപ
- 31-3-2024 -ലെ കുടിശിക ബില്ലുകൾ : 695.97 ലക്ഷം രൂപ

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 65% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ B.D.S.-ലേക്ക് മാറ്റുവാനുള്ള പരിധി 5 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2024 മാർച്ച് മാസം B.D.S.-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S. എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തുതീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

2702-01-800-94-02—ചെറുകിട ജലസേചനം-ഉപരിതലജലം-മറ്റുചെലവുകൾ-ചെറുകിട ജല സേചന പദ്ധതികളുടെ സംരക്ഷണം-വേതനം

താത്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസവേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി നൽകിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 4,47,70,469 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702- 01- 800- 94- 34—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം-മറ്റു ചെലവുകൾ

ജലസേചന പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികളുടെ നിർവ്വഹണത്തിനും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 24,52,61,497 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-01-800-86—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ-ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

നടപ്പു സാമ്പത്തിക വർഷം 2702-01-800-86-PV ശീർഷകത്തിൽ മതിയായ തുക നീക്കിയിരിപ്പുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ചെലവ് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും അധിക തുക ആവശ്യമായി വരുന്നപക്ഷം നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായ ശിപാർശ ലഭ്യമാക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ശിപാർശ ലഭ്യമാക്കാത്തതിനാൽ അധിക തുക അനുവദിച്ച് നൽകിയിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 18,35,825 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-05-2—<u>ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

നിലവിൽ ഭൂജലവകുപ്പ് ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന ജലവിജ്ഞാനഭവൻ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. റീ-അപ്രോപ്രിയേഷൻ മുഖേന പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 9.48 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-05-3—<u>ചെറുകിടജലസേചനം-ഭൂഗർഭജലം-അന്വേഷണംഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

വകുപ്പിന്റെ എല്ലാ സബ് ഓഫീസുകളിലും നിലവിൽ ഇ-ഓഫീസ് സംവിധാനം വന്നുവെങ്കിലും KSWAN, KFON എന്നീ സൗകര്യങ്ങൾ പ്രസ്തുത സബ് ഓഫീസുകളിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ഇന്റർനെറ്റ്, ടെലിഫോൺ എന്നീ ചെലവിനങ്ങളിലായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 2.94 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-06—<u>ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - വാടക, കരം, നികുതി</u>

കെട്ടിട വാടക, കെട്ടിട നികുതി എന്നീ ചെലവിനങ്ങളിലെ കുടിശ്ശിക ഒടുക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾ കുടിശ്ശിക സഹിതം ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും

സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന പ്രസ്തുത ശീർഷകത്തിൽ 13 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 27.86 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-12—ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും-സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 0.68 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-19—ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും യന്ത്രോപകരണങ്ങൾ

ഭൂജലവകുപ്പിന് കീഴിലുള്ള റിഗ്ഗുകളുടെയും പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകളുടെയും പ്രവർത്തന ചെലവുകൾക്കായും ഡ്രില്ലിംഗ് റിഗ്ഗുകളുടെ അറ്റകുറ്റപ്പണികൾ, പുതിയ ഡ്രില്ലിംഗ് സാമഗ്രികൾ വാങ്ങൽ തുടങ്ങിയ ചെലവുകൾക്കായും വകുപ്പിന്റെ കീഴിലുള്ള കുഴൽക്കിണർ നിർമ്മാണ യൂണിറ്റ് ഘടിപ്പിച്ചിരിക്കുന്ന 15 വർഷത്തിന് മുകളിൽ പഴക്കമുള്ള ട്രക്കുകൾ മാറ്റി പുതിയവ വാങ്ങുന്നതിനായും ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 61.36 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-005-99-34—ചെറുകിടജലസേചനം-ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും മറ്റു ചെലവുകൾ

വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Gap assessment നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്പ്യൂട്ടറുകൾ, അനുബന്ധ സാമഗ്രികൾ, കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട പൈപ്പുകൾ, ഗ്രാവൽ, റിഗ്ഗുകൾ തുടങ്ങിയവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വകുപ്പിൽ തുക നിക്ഷേപിച്ച് കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനായും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

കുഴൽക്കിണർ നിർമ്മാണത്തിനുള്ള 6 റിഗ്ഗുകൾ വാങ്ങി. ഇ-ഓഫീസ് നടത്തിപ്പിലേക്കായി 222 ലാപ്ടോപ്പുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള തുക ഐ.ടി. മിഷന് നൽകിയിട്ടുണ്ട്.

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 867.15 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702- 02-005-99-45—ചെറുകിട-ജലസേചനം-ഭൂഗർഭജലം-അന്വേഷണം- ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും - പി.ഒ.എൽ.

ഭൂജലവകുപ്പിന് കീഴിലുള്ള 36 റിഗ്ഗുകൾ, 4 പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനത്തിനായും ഭൂജല പര്യവേഷണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ്, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിനുള്ള ഇന്ധന ചെലവ് എന്നിവ വഹിക്കുന്നതിനായും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**സ്വീകരിച്ച നടപടി**

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 299.90 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-02-103-99—ചെറുകിട ജലസേചനം-ഭൂഗർഭജലം കുഴൽക്കിണറുകൾ-ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്ന തിനായി 60 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും 300 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾക്കും 30 റീച്ചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

**സ്വീകരിച്ച നടപടി**

20 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 21 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾ, 17 റീ-ചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു. ഇവ 1108 കുടുംബങ്ങൾക്കും 4 സ്ഥാപനങ്ങൾക്കും ഉപകാരപ്രദമായി.

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന് ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 69.89 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702- 03-101-98-(02)-34-3—ചെറുകിട ജലസേചനം-സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ -സംരക്ഷണപ്പണികൾ- മറ്റു-ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ - മറ്റിനം

ചെറുകിട ജലസേചന പദ്ധതികൾക്ക് വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 1.96 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 4,46,68,499 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-03-101-98 (03)-34-3—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപണികൾ - മറ്റു ചെലവുകൾ - മറ്റിനം

അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും വെള്ളപ്പൊക്ക

നിയന്ത്രണ പ്രവൃത്തികൾക്കും ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായും തുടർച്ചയായുണ്ടാകുന്ന മഴക്കെടുതികൾമൂലം തോടുകൾ, കനാലുകൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചന നിർമ്മിതികൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 1.65 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 14,22,88,928 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-03-101-95—<u>ചെറുകിട ജലസേചനം-സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ-ഒറ്റത്തവണ സഹായം</u>

നിലവിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ LoC ശീർഷകത്തിൽ കരാറുകാരുടെ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക ആവശ്യമായി വരുന്നപക്ഷം തുക അനുവദിക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചില്ലായെങ്കിലും കരാറുകാരുടെ പെൻഡിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 91.86 ലക്ഷം രൂപ അധിക ധനാനുമതി മുഖേന ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 91.864 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2702-80-005-99-34-3—<u>ചെറുകിട ജലസേചനം-ജനറൽ-അന്വേഷണം-ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും-മറ്റു ചെലവുകൾ - മറ്റിനം</u>

പുതുതായി അംഗീകാരം ലഭിച്ചതും ഇനി ലഭിക്കാനുള്ളതുമായ ചെറുകിട ജലസേചന പദ്ധതികളുടെ പര്യവേഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 42,73,184 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702- 00- 101-97-(01)—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ (ജില്ലാ പദ്ധതി) - ചെറുകിട മരാമത്തുകൾ</u>

ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും കൂടുതൽ ഇടങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുമായി പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 5,58,95,019 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-90—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ</u>

പമ്പ് ഹൗസുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ടി.ഒ.ഡി. മീറ്റർ സ്ഥാപിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല.

**ശിപാർശ**

4702-00-101-89—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതല ജലം-മലബാർ ജലസേചന പാക്കേജ് (മിർപാ)-റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം</u>

ജലസേചനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും മലബാർ മേഖലയിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 41,713,449 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-84—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം-മുൻഗണനാ പ്രവൃത്തികൾ

നിലവിലുള്ള ജലസേചന നിർമ്മിതികളുടെ നവീകരണ പ്രവൃത്തികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം കാരണം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 2.10 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 9,09,65,434 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-82-(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചനപദ്ധതി ക്ലാസ്സ് II - മരാമത്തുകൾ

50 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചന സൗകര്യം കാര്യക്ഷമമായി ലഭ്യമാക്കുന്നതിനാവശ്യമായ ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 3.65 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 16,83,55,746 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-79-(01)—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും -പ്രവൃത്തികൾ</u>

ജലസേചന സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി പുതിയ ചെക്ക്ഡാമുകളും ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല.

**ശിപാർശ**

4702-00-101-77-(01)—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ- മരാമത്തുകൾ</u>

കാവേരി നദീതടത്തിലെ കബനി, പാമ്പാർ നദീതടങ്ങളിലെ തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം, ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട 21 പദ്ധതികളുടെ നിർമ്മാണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.1417 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 3.67 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 5,81,86,348 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-73-(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം-മരാമത്തുകൾ

തുടർച്ചയായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ. പദ്ധതികളുടെ പമ്പ് ഹൗസുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉണ്ടാകുന്ന വൻതോതിലുള്ള നാശനഷ്ടം പരിഹരിക്കുന്നതിനും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായുള്ള ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃ വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 2.03 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 6,08,17,307 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-66—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെയും ജലസേചന നിർമ്മിതികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 4,34,16,589 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-65—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 3,95,82,639 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-101-63-(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം-ഹരിത കേരളം പദ്ധതികൾ - മരാമത്തുകൾ

ഹരിതകേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട കുളങ്ങൾ, ചിറകൾ എന്നിവയുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 5,98,78,048 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4702-00-102-94-(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 7500 കുടുബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 120 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

**സ്വീകരിച്ച നടപടി**

49 കുടിവെള്ള പദ്ധതികളും 2 ഹാൻഡ് പമ്പ് സ്കീം, 75 കുഴൽക്കിണർ നിർമ്മാണവും പൂർത്തീകരിച്ചു. ഇവ 956 കുടുംബങ്ങൾക്കും 12 സ്ഥാപനങ്ങൾക്കും ഉപകാരപ്രദമായി.

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണ വകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന് ധനവകുപ്പിന്റെ അഭിപ്രായം ഭൂജല വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 325.17 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700 - 01—വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി(വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയിലുൾപ്പെട്ട, കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ, കനാലുകളുടെ ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക

തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2700-01-101-98-00-18 N-V ശീർഷകത്തിൽ 2023-24-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 8 കോടി രൂപയിൽ ആകെ 5,88,43,878 രൂപ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2700 - 02—വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട ഗാർഡൻ പ്രവൃത്തികൾക്കായി 1 കോടി രൂപയും കനാൽ സംരക്ഷണം, മറ്റു ചെലവുകൾ എന്നിവയ്ക്കായി 10 കോടി രൂപയും വർക്ക് ചാർജ്ജ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും തസ്രാക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നിലവിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക തുകയായ 12 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 11.17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവ് അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബഡ്ജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ടപക്ഷം വാണിജ്യപരമായ വൻകിട ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനത്തിന്റെയും അവയുടെ പ്രവർത്തന ചെലവിന്റെയും വിശദാംശങ്ങളും അധിക ചെലവിന്റെ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങളും സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സർക്കാർ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ അനുവദിച്ച 11,29,000 രൂപ വൈദ്യുതി ചാർജ്ജ്, കെട്ടിട നികുതി തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് വിനിയോഗിച്ചു. കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 1429 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-03—വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കനാലുകളുടെയും കാഡാ ചാലുകളുടെയും വാർഷിക അറ്റകുറ്റപ്പണികൾ തദ്ദേശ സ്ഥാപനങ്ങൾ നടത്താത്തതിനാൽ ആയത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ

36.47 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവ്, അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ടപക്ഷം വാണിജ്യപരമായ വൻകിട ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനത്തിന്റെയും അവയുടെ പ്രവർത്തന ചെലവിന്റെയും വിശദാംശങ്ങളും അധിക ചെലവിന്റെ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങളും സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. ലഭ്യമായ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 88 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700 -04—<u>വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)</u>

മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണ പ്രവൃത്തികൾക്കായി 1 കോടി രൂപയും വൈദ്യുതി ചെലവിനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.02 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവ്, അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം വാണിജ്യപരമായ വൻകിട ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനത്തിന്റെയും

അവയുടെ പ്രവർത്തന ചെലവിന്റെയും വിശദാംശങ്ങളും അധിക ചെലവിന്റെ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങളും സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചു. ലഭ്യമായ വിഹിതം ഉപയോഗിച്ച് മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണ പ്രവൃത്തികൾ നടത്തുകയുണ്ടായി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 58 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-05—വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയുമായി ബന്ധപ്പെട്ട ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾക്കായും വൈദ്യുതി ചെലവിനത്തിലും പൂന്തോട്ട നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 83.44 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവ് അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ടപക്ഷം വാണിജ്യപരമായ വൻകിട ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനത്തിന്റെയും അവയുടെ പ്രവർത്തന ചെലവിന്റെയും വിശദാംശങ്ങളും അധിക ചെലവിന്റെ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങളും സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചു. ലഭ്യമായ ബജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും മറ്റ് അനുബന്ധ ചെലവുകളും നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 56 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-11—വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 3.1111 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2700-11-101-98-00-18 N-V ശീർഷകത്തിൽ 2023-24-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 3.50 കോടി രൂപയിൽ ആകെ 3,06,64,488 രൂപ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2700-12—<u>വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)</u>

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.8006 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബഡ്ജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചു. ലഭ്യമായ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 421 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-13—<u>വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)</u>

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഈ ശീർഷകത്തിൽ

2.20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പദ്ധതികളുടെ സംരക്ഷണം അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബഡ്ജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചു. ഇലക്ട്രിസിറ്റി, ഇന്ധനച്ചെലവ് റിപ്പയർ & മെയിന്റനൻസ് തുടങ്ങിയ ഇനങ്ങളിൽ അധിക ധനാനുമതിയിലൂടെ ലഭ്യമായ തുക വിനിയോഗിച്ച് കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 735 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-14—വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയിലുൾപ്പെട്ട കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായ കനാലുകളുടെ ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ 2023-24 സാമ്പത്തിക വർഷത്തെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 10.1226 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2700-14-101-98-00-18-N-V ശീർഷകത്തിൽ 2023-24 ബഡ്ജറ്റിൽ വകയിരുത്തിയ 55 ലക്ഷം രൂപയിൽ ആകെ 26,06,863 രൂപ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2700-16—<u>വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)</u>

പമ്പാ ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 4.0203 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സ്വീകരിച്ച നടപടി**

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പമ്പാ ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി 2700-16-101-98-00-18-00 NV (സംരക്ഷണ പണികൾ) എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തിലെ നിലവിലെ വിഹിതം തീർന്നതിനുശേഷം തുക ആവശ്യമെങ്കിൽ Additional Authorization-ന് ശിപാർശ സമർപ്പിക്കേണ്ടതാണെന്ന് ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നുവെങ്കിലും അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കാത്തതിനാൽ അധിക തുക അനുവദിച്ച് നൽകിയിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 3,24,99,710 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-17—<u>വൻകിട ജലസേചനം - ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ കേടുപാട് തീർക്കുന്നതിനും ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾക്കായും MLIS, വൈദ്യുതി ചാർജ്ജ്, മൂലത്തറ റെഗുലേറ്ററിന്റെ വൈദ്യുതി ചാർജ്ജ്, ഇലക്ട്രിക് ഇൻസ്പെക്ടറുടെ ചാർജ്ജ് എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.8321 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവ്, അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും

ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കൂടാതെ വൈദ്യുതി ചാർജ്ജ്/മറ്റു ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന വിഹിതം മതിയാവാതെ വരുന്ന പക്ഷം അധിക ചെലവിന്റെ വിശദാംശങ്ങൾ/അനുബന്ധ രേഖകൾ എന്നിവ സഹിതം ഭരണ വകുപ്പ് ലഭ്യമാക്കുന്ന ധനപുനഃവിനിയോഗ ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. ലഭ്യമായ ബജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 319 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-18—വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 6.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. ലഭ്യമായ ബജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുകയും മറ്റ് അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 659 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-25—വൻകിട ജലസേചനം - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

മൂലത്തറ വലതുകര കനാലിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 15.74 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിഹിതത്തിനുപരിയായി അധിക തുക ആവശ്യമായി വരുന്ന പക്ഷം ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ, അനുമതി ഉത്തരവുകൾ/മറ്റു അനുബന്ധ രേഖകൾ എന്നിവ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കരാറുകാരുടെ തുക നൽകുന്നതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അധിക ധനാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 16 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-26-101-98-34-2—<u>വൻകിട ജലസേചനം-തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്</u>

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ജി.ഒ. (ആർ.ടി) 4865/2023/ധന തീയതി 26-7-2023 സർക്കാർ ഉത്തരവ് പ്രകാരം 9,65,000 രൂപ അധിക ധനാനുമതിയായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അധിക ധനാനുമതിയായി ലഭിച്ച തുക തണ്ണീർമുക്കം ബണ്ടിന്റെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024- വരെ 11.37 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2700-27—<u>വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)</u>

കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കാലപ്പഴക്കംമൂലം അപകടാവസ്ഥയിലായ 912 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയിലൂടെ ജലവിതരണം

സുഗമമാക്കുന്നതിനുള്ള ഘട്ടം ഘട്ടമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 12.1367 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സമയത്ത് 2700-27-101-98-00-NV ശീർഷകത്തിൽ വകയിരുത്തിയ 430.00 ലക്ഷം രൂപയിൽ 205.71 ലക്ഷം രൂപ ചെലവഴിക്കുകയും ശീർഷകത്തിൽ ബാക്കി 224.29 ലക്ഷം രൂപ നീക്കിയിരിപ്പും ഉണ്ടായിരുന്നതിനാൽ പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നുവെങ്കിലും അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കാത്തതിനാൽ അധിക തുക അനുവദിച്ച് നൽകിയിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 4,13,34,501 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-02—<u>ഇടത്തരം ജലസേചനം - ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)</u>

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 6.0113 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക

തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2701-02-101-98-00-18-N-V ശീർഷകത്തിൽ 2023-24-ലെ ബജറ്റിൽ വകയിരുത്തിയ 1.90 കോടി രൂപയിൽ ആകെ 1,73,51,674 രൂപ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2701-03—ഇടത്തരം ജലസേചനം - ചീരക്കുഴി പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.2556 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2701-03-101-98-00-18-N-V ശീർഷകത്തിൽ 2023-24-ലെ ബജറ്റിൽ 85 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 14,21,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 99,20,363 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2701-11—ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും വൈദ്യുതി ചെലവിനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ

സംബന്ധിച്ച ചെലവ് അനുവദിച്ചിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കൂടാതെ വൈദ്യുതി ചാർജ്ജ്/മറ്റു ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന വിഹിതം മതിയാവാതെ വരുന്ന പക്ഷം അധിക ചെലവിന്റെ വിശദാംശങ്ങൾ/ അനുബന്ധ രേഖകൾ എന്നിവ സഹിതം ഭരണ വകുപ്പ് ലഭ്യമാക്കുന്ന ധന-പുനഃവിനിയോഗ ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. ലഭ്യമായ ബജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 119 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-12—<u>ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)</u>

അട്ടപ്പാടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഭവാനി ബേസിൻ ഡിവിഷൻ കാര്യാലയവും ഉപകാര്യാലയങ്ങളും സ്ഥിതിചെയ്യുന്ന കെട്ടിടം, ജീർണ്ണാവസ്ഥയിലുള്ള പഴയ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായും ഐ.ബി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായും ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ സംരക്ഷണ/അറ്റകുറ്റപ്പണികൾ സംബന്ധിച്ച എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ട താണെന്നും അനുമതി ഉത്തരവുകൾ/മറ്റു അനുബന്ധ രേഖകൾ എന്നിവ സഹിതം ഭരണ വകുപ്പ് ലഭ്യമാക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ ചെലവുകൾക്കാവശ്യമായ അധിക വിഹിതം ധനപുനഃവിനിയോഗം വഴി അനുവദിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കരാറുകാരുടെ തുക നൽകുന്നതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അധിക ധനാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 4.5 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-14—<u>ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം)</u>

DSR ലുള്ള വർദ്ധനവ്മൂലം എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ ചിമ്മിണി പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 3.3115 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ സംരക്ഷണ പ്രവൃത്തികൾക്കായി 2701-14-101-98-00-18-N-V ശീർഷകത്തിൽ 2023-24-ലെ ബജറ്റിൽ 75 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 19,14,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 94,08,765 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2701-15-101-98-34-2—<u>ഇടത്തരം ജലസേചനം-കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്</u>

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ജി.ഒ.(ആർ.ടി.) 716/2024/ധന. തീയതി 25-1-2024 സർക്കാർ ഉത്തരവ്

പ്രകാരം 1,02,000 രൂപ അധിക ധനാനുമതിയായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. അധിക ധനാനുമതിയായി ലഭിച്ച തുക തോട്ടപ്പള്ളി സ്പിൽവേയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 1.02 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-17—ഇടത്തരം ജലസേചനം - ചേരമംഗലം പദ്ധതി (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 -വരെ 22 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-20—ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കോസ് വേ (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികളുടെയും പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും ചെലവിനത്തിലും 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രതീക്ഷിത ചെലവിനത്തിലുമായി ഈ ശീർഷകത്തിൽ 6.49 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കരാറുകാരുടെ തുക നൽകുന്നതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അധിക ധനാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 17 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-80-001-92-99—<u>ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ</u>

വകുപ്പ് നവീകരണത്തിന്റെ ഭാഗമായി ഇ -ഓഫീസ്, ജി. ഐ. എസ്. പ്ലാറ്റ്ഫാം എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ജലസേചന വകുപ്പിന് കീഴിലുള്ള ഓഫീസുകൾക്ക് കമ്പ്യൂട്ടറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ മെയിന്റനൻസ് ചെയ്യുന്നതിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും മറ്റുമായി ഫണ്ട് അനുവദിക്കുവാൻ സാധിച്ചിട്ടില്ല. ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 76.45 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701- 80-052-98-02-5—<u>ഇടത്തരം ജലസേചനം-ജനറൽ-യന്ത്രോപകരണങ്ങൾ-വാഹനങ്ങളും അറ്റകുറ്റപ്പണികളും-വേതനം- ദിവസവേതനം</u>

ആലപ്പുഴ മെക്കാനിക്കൽ ഡിവിഷൻ വർക്ക് ഷോപ്പിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം അധിക ധനാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ മെക്കാനിക്കൽ ഡിവിഷനിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് തടസ്സമുണ്ടായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 84,28,102 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2701-80-052-98-34-3—<u>ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും- മറ്റു ചെലവുകൾ- മറ്റിനം</u>

വകുപ്പ് പുതുതായി വാങ്ങിയ എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ അധിക ചെലവിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. ജി.ഒ.(ആർ.ടി.) നം. 1841/2024, തീയതി 27-2-2024 സർക്കാർ ഉത്തരവ് പ്രകാരം 67.28 ലക്ഷം രൂപയുടെ അധിക ധനാനുമതി സർക്കാർ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ അനുവദിച്ചിരുന്നു. വെള്ളപ്പൊക്ക ഭീഷണിയുമായി ബന്ധപ്പെട്ട് മെക്കാനിക്കൽ ഡിവിഷൻ ആലപ്പുഴയുടെ കീഴിൽ പ്രവർത്തിക്കുന്ന ഷട്ടറുകൾക്കുള്ള അറ്റകുറ്റപ്പണികൾ, കുട്ടനാട്, വേമ്പനാട്, വെള്ളായണി കായലുകളിൽ അടിഞ്ഞ് കൂടിയ പോളകൾ മാറ്റുന്നത് സംബന്ധിച്ച പ്രവൃത്തികൾ, മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾ എന്നിവ ഡിപ്പാർട്ട്മെന്റിന്റെ പ്രവൃത്തികൾ ആയി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 99.28 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2711-01- 103-99-34-3—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ വർക്ക്സ്-വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ - സംരക്ഷണം-മറ്റു ചെലവുകൾ - മറ്റിനം</u>

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. 31-3-2024 വരെ പ്രസ്തുത ശീർഷകത്തിൽ നിന്നും 11,41,47,942 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2711-01-103-98-34-3—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്ക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ - മറ്റിനം</u>

തുടർച്ചയായുണ്ടാകുന്ന പ്രളയംമൂലമുള്ള വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ പ്രസ്തുത ശീർഷകത്തിൽ നിന്നും 7,27,30,790 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2711-02-103-99-34-3—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്ക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം</u>

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനംമൂലം മൺസൂൺ മാസങ്ങളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണക്കെടുതികൾ നേരിടുന്നതിനുള്ള

പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

**സ്വീകരിച്ച നടപടി**

2022-23, 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവർത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 1,11,34,000 രൂപ അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 11,11,33,427 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

2711-02-800-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

തീരദേശ സംരക്ഷണ പഠനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. 31-3-2024-വരെ പ്രസ്തുത ശീർഷകത്തിൽ നിന്നും 47,44,526 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4700-12—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-പഴശ്ശി പദ്ധതി (വാണിജ്യേതരം)

മെയിൻ കനാലിന്റെ 15 കി.മീ. മുതൽ 46.26 കി.മീ. വരെയുള്ള ദൈർഘ്യം, എടക്കാട്, കാട്ടാമ്പള്ളി, അഴീക്കോട് ബ്രാഞ്ച് കനാലുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 16.9757 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധികതുക അനുവദിച്ചില്ല. സംസ്ഥാന വിഭവലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ്, ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. പഴശ്ശി പദ്ധതിയുടെ 404 കി.മീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയിലെ കനാലിന്റെയും സ്ട്രക്ചറുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ പുരോഗതിയിലാണ്. 2018-2019 സാമ്പത്തിക വർഷം മുതൽ ബജറ്റിൽ ലഭ്യമായ തുക ഉപയോഗിച്ച് മെയിൻ കനാൽ ചെഃ 42/500 കി.മീറ്റർ പറശ്ശിനിക്കടവ് അക്വഡക്ട് വരെയും മാഹി ബ്രാഞ്ച് കനാൽ ചെ. 16/000 കി.മീറ്റർ വരെയുള്ള കനാലിന്റെയും സ്ട്രക്ചറുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ടെസ്റ്റ് റൺ നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ കനാൽ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് 2025 ഡിസംബറോടുകൂടി പഴശ്ശി പദ്ധതി റീ കമ്മീഷനിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 860 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4700-13—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)</u>

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി അപകടാവസ്ഥയിലുള്ളതും 50 വർഷം പഴക്കമുള്ളതുമായ 603 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ലൈനിംഗ് ചെയ്ത് സുരക്ഷിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്

അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്ലാൻ ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ച 10 കോടി രൂപയുടെ 44 പ്രവൃത്തികളും 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5 കോടി രൂപയുടെ 49 പ്രവൃത്തികളും നോൺ പ്ലാൻ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 2.88 കോടി രൂപയിൽ 2.45 കോടി രൂപയുടെ 86 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 499 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4700-20-800-92—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ - കനാലുകൾ</u>

ഇടമലയാർ ജലസേചന പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് 7.5 കിലോമീറ്റർ ദൈർഘ്യമുള്ള ലിങ്ക് കനാലിന്റെ പൂർത്തീകരണത്തിനും അതിനോടനുബന്ധിച്ച സ്ഥലമെടുപ്പിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (4.8932 കോടി രൂപ ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 1,47,08,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 6,36,39,187 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-98—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- റിസർവോയർ</u>

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 46.2 ലക്ഷം രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (6.8 ലക്ഷം രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 22,77,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 29,56,821 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-97—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- അണക്കെട്ടും അനുബന്ധ പണികളും</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 8.09 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (91,000 രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 1,51,40,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 1,50,25,577 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-93—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- കെട്ടിടങ്ങൾ

പ്രസ്തുത പദ്ധതിയിലുൾപ്പെട്ടുവരുന്ന പിറവം, മൂവാറ്റുപുഴ കാര്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മുട്ടം, പിറവം, കൂത്താട്ടുകുളം എന്നിവിടങ്ങളിലെ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ അറ്റകുറ്റപ്പണി കൾക്കുമായി ഈ ശീർഷകത്തിൽ 26.81 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (3.19 ലക്ഷം രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 17,56,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 20,74,966 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-കനാലുകൾ

പ്രസ്തുത പദ്ധതിയിലുൾപ്പെട്ടുവരുന്ന വലതുകര, ഇടതുകര മെയിൻ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.3535 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക

തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (11.65 ലക്ഷം രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 76,31,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 87,85,805 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-കനാലുകൾ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായുള്ള ചെലവിനത്തിൽ ഈ ശീർഷകത്തിൽ 2.1183 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (4.17 ലക്ഷം രൂപ) വിവിധ എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് വിധിക്കട തുക നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി മുഖേന ആകെ 6,59,000 രൂപയും എസ്.ഡി.ജി. മുഖേന ആകെ 29,46,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 35,93,666 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-91—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ - ബ്രാഞ്ചുകൾ (വോട്ട് ചെയ്തത്)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ബ്രാഞ്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.1697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ

സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (7.03 ലക്ഷം രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 75,08,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 82,10,896 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-91—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ - ബ്രാഞ്ചുകൾ (ചാർജ്ജ് ചെയ്തത്)</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 17.39 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (61,000 രൂപ) വിവിധ എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് വിധിക്കട തുക നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി മുഖേന ആകെ 3,33,000 രൂപയും എസ്.ഡി.ജി. മുഖേന ആകെ 17,79,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 20,08,829 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-90—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ - ഡിസ്ട്രിബ്യൂട്ടറികൾ</u>

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഡിസ്ട്രിബ്യൂട്ടറികളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 4.6433 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (42.67 ലക്ഷം രൂപ) കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ ആകെ 2,36,62,000 രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 2,78,72,239 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-22-800-90—വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ -ഡിസ്ട്രിബ്യൂട്ടറികൾ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.9303 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 3-5-2023-ലെ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല. ബജറ്റ് വിഹിതത്തിന് പുറമേ (9.97 ലക്ഷം രൂപ) വിവിധ എൽ.എ.ആർ കേസുകളുമായി ബന്ധപ്പെട്ട് വിധിക്കട തുക നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി മുഖേന ആകെ 27,19,000 രൂപയും എസ്.ഡി.ജി. മുഖേന ആകെ 2,08,67,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ 1,92,09,396 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4700-28—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

ബാണാസുര സാഗർ പദ്ധതിയിലെ പേരാൽ ലെഫ്റ്റ് ബ്രാഞ്ച്, വീട്ടിക്കാമൂല, വെണ്ണടിയോട്, കുപ്പാടിത്തറ, കുറുമ്പാല എന്നീ റഗുലേറ്ററുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികളുടെ

പൂർത്തീകരണത്തിനും ഭരണ ചെലവിനത്തിലുമായി ഈ ശീർഷകത്തിൽ 52.31 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. എന്നാൽ സർക്കാർ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ 2,93,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. വയനാട് ജില്ലയിലെ ജലസേചന സൗകര്യം പരിപോഷിപ്പിക്കുന്നതിനായി വിഭാവനം ചെയ്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് ബാണാസുരസാഗർ ജലസേചന പദ്ധതി. കാവേരി നദീജല തർക്കപരിഹാര ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം കബനി ബേസിനിൽ ജലസേചനത്തിന് വിട്ടുതരുന്ന 0.84 ടി.എം.സി. ജലമാണ് ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പ്രധാന കനാലിലെ തടസ്സം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്. വെണ്ണിയോട് കാപ്പുംകുന്ന് വിതരണ ശ്യംഖലകൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെണ്ണിയോട് പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലുകളിലെ ശേഷിക്കുന്ന പ്രവൃത്തികളും വിതരണ കനാലുകളുടെ പ്രവൃത്തികളും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 840 ഹെക്ടർ ഭൂമിയിൽ ജലസേചനം ഉറപ്പാക്കുന്ന ഈ പദ്ധതി ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ അധിക ധനാനുമതിയിലൂടെ ലഭ്യമായ തുക നിർദ്ദിഷ്ട ചെലവുകൾക്കായി വിനിയോഗിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 14 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4700-80-005-99-02—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-സർവ്വേയും അന്വേഷണവും-ജലസേചന പദ്ധതികളിന്മേൽ അന്വേഷണം-മരാമത്തു പണികൾ</u>

കബനി ബേസിനിലെ തൊണ്ടാർ, കടമാൻ തോട് എന്നീ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ 1,05,66,239 രൂപ ചെലവഴിച്ചിട്ടുണ്ട്. 6 കോടി രൂപ തൊണ്ടാർ, കടമാൻതോട് എന്നീ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി അധിക ധനാഭ്യർത്ഥനയിലൂടെ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

4701-13—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

കബനി-കാരാപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന വിവിധ ഓഫീസ് ചെലവിനങ്ങളിലായി ഈ ശീർഷകത്തിൽ 20.63 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ

2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു. എന്നാൽ കാരാപ്പുഴ പ്രോജക്ടിന്റെ കെട്ടിട നികുതി കുടിശ്ശിക ഒടുക്കുന്നതിലേക്കായി G.O. (Rt.) No. 2693/2024/ധന നമ്പർ ഉത്തരവ് പ്രകാരം 5,88,000 രൂപ സർക്കാർ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ അധിക ധനാനുമതിയായി ലഭ്യമായിട്ടുണ്ട്.

കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണലിന്റെ (CWDT) അന്തിമ വിധി പ്രകാരം കബനി ഉപനദീതടത്തിനനുവദിച്ച 21 ടി.എം.സി. ജലത്തിൽ 2.8 ടി.എം.സി. ജലം ഉപയോഗപ്പെടുത്തേണ്ടത് കാരാപ്പുഴ ഇടത്തരം ജലസേചന പദ്ധതിയിലൂടെയാണ്. കാരാപ്പുഴ ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലകളിലൂടെ നിലവിൽ ആകെ 29.205 കി.മീ. ദൂരത്തിൽ ചരിത്രത്തിൽ ആദ്യമായി പൂർണ്ണ തോതിൽ 2023 കാർഷിക സീസൺ മുതൽ ജലവിതരണം നടത്തി വരുന്നുണ്ട്. ഇതുമൂലം 636.53 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 220 ഹെക്ടർ സ്ഥലത്ത് കനാലുകളുടെ ഇരുകരകളിലുമായി നാണ്യവിളകൾ കൃഷി ചെയ്തുവരുന്നു. നിലവിലുള്ള കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും, പുതിയ കനാലുകളുടെ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കി 2025 ഡിസംബർ മാസത്തോടുകൂടി 2538 ഹെക്ടർ കൃഷിയിടത്തിൽ ജലസേചനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 882 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4701-17—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ചേരമംഗലം പദ്ധതി (വാണിജ്യേതരം)</u>

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത്

എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു.

മലമ്പുഴ ഇറിഗേഷൻ ഡിവിഷനുകീഴിലെ ചേരമംഗലം സ്കീമിൽ ഉൾപ്പെട്ട പ്ലാൻ പ്രവൃത്തികളിൽ 2023-24 സാമ്പത്തിക വർഷത്തിൽ 11 പ്രവൃത്തികൾക്ക് 250 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചതാണ്. ഇതിൽ 11 പ്രവൃത്തികളിൽ ടെണ്ടർ ചെയ്തെങ്കിലും 10 പ്രവൃത്തികൾ മാത്രമേ അവാർഡ് ചെയ്തിട്ടുള്ളൂ. പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 215 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

### ശിപാർശ

4701-18—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)</u>

ചമ്രവട്ടം പ്രോജക്ടിന്റെ ഭരണച്ചെലവിനത്തിൽ 3.06 കോടി രൂപയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവൃത്തികൾ, പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവയുടെ ചെലവുകൾക്കായി 29.862 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 32.922 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

### സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധികതുക അനുവദിച്ചില്ല. ചമ്രവട്ടം പ്രോജക്ടിന്റെ പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ, 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ, ഭരണ ചെലവുകൾ എന്നിവ വഹിക്കുന്നതിനുമായ ധന-പുനഃവിനിയോഗ ശിപാർശ സാമ്പത്തികാസൂത്രണ വകുപ്പിന്റെ അനുമതിയോടുകൂടി ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ വിഹിതം അനുവദിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു.

ചമ്രവട്ടം പ്രോജക്ട് ഡിവിഷന് കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 250 ലക്ഷം രൂപയുടെ നാല് പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ 3 പ്രവൃത്തികൾക്ക്

സാമ്പത്തികാനുമതിയും ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചതാണ്. 178 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പ്രവൃത്തിക്ക് (construction of toe wall) സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ അധികധനാനുമതിയിലൂടെ ലഭ്യമായ തുക വിവിധ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനത്തിൽ വിനിയോഗിച്ചു. കരാറുകാരുടെ തുക നൽകുന്നതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അധിക ധനാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 625 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4701-21-800-96—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - തോട്ടപ്പള്ളി സ്പിൽവേ (വാണിജ്യേതരം)- മറ്റുചെലവുകൾ - സ്പിൽവേ</u>

തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ വിയപുരം മുതൽ തോട്ടപ്പള്ളി പൊഴിവരെയുള്ള പമ്പാനദിയുടെ ലീഡിംഗ് ചാനലിന്റെ ഇരുകരകളുടെയും സംരക്ഷണത്തിനും പ്രവൃത്തികൾക്കും കൂടി 70.30 കോടി രൂപയുടെ ഭരണാനുമതി ജി.ഒ. (ആർ.ടി.) നം. 360/2021/ജ.വി.വ. തീയതി 9-7-2021 പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു. 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

4701-25-800-97—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-പാമ്പാർ ബേസിൽ പ്രോജക്റ്റ്സ് - മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സാഡിൽ ഡാമിന്റെയും റോക്ക് ഫിൽ ഡാമിന്റെയും പണികൾ പൂർത്തീകരിക്കുന്നതിനായുള്ള അധിക ചെലവിനത്തിൽ ഈ ശീർഷകത്തിൽ7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷം 1,60,25,213 രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ചെലവഴിച്ച് തീരുന്ന മുറയ്ക്ക്, അധികമായി തുക ആവശ്യമായി വരുന്നപക്ഷം പ്രവൃത്തികളുടെ എസ്റ്റിമേറ്റ്/ഡി.പി.ആർ. സംബന്ധിച്ച വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II-ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാൽ അധിക തുക അനുവധിച്ചിട്ടില്ല.

**ശിപാർശ**

4701-80-800-72—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ-മറ്റു ചെലവുകൾ-വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രൈനുകളുടെയും ആധുനികവത്കരണം</u>

കാഡാ കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2023-24 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ് ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചു.

ശിരുവാണി പ്രോജക്ട് സർക്കിളിനുകീഴിലെ കാഡാ കനാലുകളുടെ പുനരുദ്ധാരണത്തിനായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 1600 ലക്ഷം രൂപയുടെ (800 lakh per year) പ്രവൃത്തികൾ അനുവദിച്ചിരുന്നു. കരാറുകാരുടെ തുക നൽകുന്നതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനത്തിലൂടെ അധിക ധനാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 1230 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4711-01 -103-99-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്- വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ- മരാമത്ത് പണികൾ

തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ പ്രളയംമൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

**സ്വീകരിച്ച നടപടി**

2022-23, 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 16,58,72,171 രൂപ അധിക ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024 വരെ 16,58,72,171 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4711-01-103-98-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്കനിയന്ത്രണം-സിവിൽ പണികൾ- തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്ത് പണികൾ

തിരുവനന്തപുരം നഗരത്തിലെ കനാലുകളിലെയും തോടുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

**സ്വീകരിച്ച നടപടി**

2022-23, 2023-24 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 5,60,91,072 രൂപ അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31-3-2024-വരെ 5,60,91,072 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4711-01-103-93—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല്- വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും</u>

മലബാർ മേഖലയിലെ ചെക്ക് ഡാം, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി നൽകിയിട്ടില്ല. 31-3-2024-വരെ പ്രസ്തുത ശീർഷകത്തിൽ നിന്നും 73,88,021 രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

4711-01-103-81—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ-കേരള സുസ്ഥിര തീര സംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധനത്തിനും ഉള്ള ആസൂത്രണ പദ്ധതി - ലോകബാങ്ക്/ എ.ഡി.ബി. സഹായ പദ്ധതി</u>

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുംമൂലം കടലിലെ ജലനിരപ്പ് ഉയരുന്ന പ്രതിഭാസം തുടരുന്ന സാഹചര്യത്തിൽ ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം, വെള്ളപ്പൊക്ക സാധ്യത എന്നിവ കൃത്യമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി (Hard and soft solution) പ്രതിരോധിച്ച് തീരപ്രദേശം സംരക്ഷിക്കുന്നതിനായി വിവിധ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തികളും ഗ്രോയിനുകളും നിർമ്മിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതി ലഭ്യമായിട്ടില്ല.

**സമിതി നൽകിയ അധിക ശിപാർശ**

15 വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിന്റെ 12 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളും 14 ഹെവി ഡ്യൂട്ടി വാഹനങ്ങളും മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായും ഭൂജല വകുപ്പ് ഡയറക്ടർ ഉപയോഗിച്ച് വരുന്ന 12 വർഷത്തിനുമേൽ പഴക്കമുള്ള വാഹനത്തിന് തുടർച്ചയായി അറ്റകുറ്റപ്പണികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ പുതിയ ഒരു ഇലക്ട്രിക് വാഹനം വാങ്ങുന്നതിനായും ഡ്രില്ലിംഗിന് ആവശ്യമായി വരുന്ന പൈപ്പുകൾ, ഗ്രാവൽ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ കുഴൽക്കിണർ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനായി നിലവിൽ ഉപയോഗിച്ച് വരുന്ന ലോറികളിൽ 3 എണ്ണം കാലപ്പഴക്കം ചെന്നതിനാൽ ആയവ മാറ്റി പുതിയവ വാങ്ങുന്നതിനായും ധനാഭ്യർത്ഥന നമ്പർ - XXIX-നു കീഴിൽ വരുന്ന 2702-02-005-99-21 എന്ന ശീർഷകത്തിൻ കീഴിൽ (1)-എന്ന ഉപശീർഷകം അനുവദിച്ച് ആയതിലേക്ക് 72 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

**സ്വീകരിച്ച നടപടി**

പുതിയ വാഹനം വാങ്ങുന്നത് സംബന്ധിച്ച് ഭരണപരമായ തീരുമാനത്തിനനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകൾ സഹിതം ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കുമ്പോൾ ആവശ്യമായ തുക ഉചിതമാർഗ്ഗേണ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന ധനവകുപ്പിന്റെ നിർദ്ദേശം ഭൂജല വകുപ്പിനെ അറിയിച്ചുവെങ്കിലും പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ ശിപാർശ പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

**സമിതി നൽകിയ അധിക ശിപാർശ**

ഭൂജല വകുപ്പിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി എല്ലാ ജില്ലകളിലും വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക ഇനത്തിലുള്ള തുക നൽകുന്നതിനായി ധനാഭ്യർത്ഥന നമ്പർ - XXIX-നു കീഴിൽ വരുന്ന 2702-02-005-99 എന്ന ശീർഷകത്തിൻ കീഴിൽ (97) എന്ന മൈനർ ശീർഷകം അനുവദിച്ച് ആയതിലേയ്ക്ക് 1.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

**സ്വീകരിച്ച നടപടി**

നിലവിലെ നടപടിക്രമങ്ങൾ പാലിച്ച് ഭരണ വകുപ്പ് ഉചിത ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്നുള്ള ധനവകുപ്പിന്റെ നിർദ്ദേശം ഭൂജല വകുപ്പിനെ അറിയിച്ചുവെങ്കിലും പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ ശിപാർശ പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

<u>അദ്ധ്യായം II</u>

## സമിതിയുടെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| ജലവിഭവ വകുപ്പ് | 29 |

റോഷി അഗസ്റ്റിൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2024 ജൂൺ 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.